മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 27

# വാർത്താക്കുറിപ്പ്

---

## ഇന്റഗ്രേറ്റഡ് പ്രോഗ്രാം; ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്ക് ഏകജാലകം വഴി പ്രവേശനത്തിനുള്ള ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനിൽ ഫീസ് അടച്ച്, അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യതാ രേഖകളുടെ അസ്സൽ സഹിതം ഒക്ടോബർ മൂന്നിന് വൈകുന്നേരം നാലിനു മുൻപ് അലോട്മെന്റ് ലഭിച്ച കോളജിൽ നേരിട്ട് എത്തി പ്രവേശനം നേടണം.

നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം കോളജിലെത്തി പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കപ്പെടും.

മുൻ അലോട്ട്മെന്റുകളിൽ സ്ഥിര പ്രവേശനം എടുത്തശേഷം ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ പ്രവേശനം നേടണം. ഇവരുടെ മുൻ അലോട്ട്മെന്റ് റദ്ദാക്കപ്പെട്ടിട്ടുണ്ട്.

താത്കാലിക പ്രവേശനം എടുത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും ഓപ്ഷൻ പുനഃക്രമീകരണത്തിന് ഒക്ടോബർ ആറിന് അവസരം ലഭിക്കും.

(പി.ആർ.ഒ./39/137 5/2022)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി; അപേക്ഷിക്കാം

ആറാം സെമസ്റ്റർ എം.സി.എ. കോഴ്സിന്റെ വിവിധ വർഷങ്ങളിലെ അഡ്മിഷനുകളുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 11 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ഒക്ടോബർ 12 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 13 നും അപേക്ഷ സമർപ്പിക്കാൻ അവസരമുണ്ട്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/137 6/2022)

## പ്രാക്ടിക്കൽ പരീക്ഷകൾ

നാലാം സെമസ്റ്റർ ബി.എച്ച്.എം. (2020 റഗുലർ അഡ്മിഷൻ- പുതിയ സ്കീം, 2014 മുതൽ 2019 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി, 2013 അഡ്മിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം) പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 29, 30 തീയതികളിൽ പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/137 7/2022)

മൂന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2018 റഗുലർ അഡ്മിഷൻ , 2013 മുതൽ 2017 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി , 2013 വരെയുള്ള അഡ്മിഷൻ മെഴ്സി ചാൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/137 8/2022)

## പരീക്ഷകൾ ഒക്ടോബർ 10 മുതൽ

സി.പി.എ.എസ്.ന്റെ ബി.ടെക്ക് കോഴ്സിന്റെ ഏഴ്, എട്ട് സെമസ്റ്റർ പരീക്ഷകൾ (2017 അഡ്മിഷൻ - സപ്ലിമെന്ററിയും ഇംപ്രൂവ്മെന്റും, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) യഥാക്രമം ഒക്ടോബർ 10, 21 തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/137 9/2022)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് - എം.എസ്.സി. ഇലക്ട്രോണിക്സ്, എം.എസ്.സി. ബയോഇൻഫോർമാറ്റിക്സ് (റഗുലർ / സപ്ലിമെന്ററി - ജനുവരി 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 390 രൂപ, 170 രൂപ നിരക്കിൽ ഫീസ് അടച്ച് ഒക്ടോബർ 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ./39/13 80/2022)

ഒന്ന്, മൂന്ന് സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (സപ്ലിമെന്ററി / മെഴ്സി ചാൻസ് ഏപ്രിൽ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 390 രൂപ, 170 രൂപ നിരക്കിൽ ഫീസ് സഹിതം ഒക്ടോബർ 12 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/13 81/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**